## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1369 04.02.2019-ലെ മറുപടിക്ക്

**'ലാൻഡ് ട്രിബ്യൂണലുകളിലെ കേസ്സുകൾ'**

**ചോദ്യം**

ശ്രീ.കെ.ബാബു

ശ്രീ.ജോർജ് എം.തോമസ്

ശ്രീ.ഒ.ആർ.കേളു

ശ്രീ.മുരളി പെരുനെല്ലി

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അർഹരായവർക്ക് പട്ടയം നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ലാൻഡ് ട്രൈബ്യൂണൽ വഴി ക്രയ സർട്ടിഫിക്കറ്റുകൾ (പട്ടയം) നൽകുന്ന പ്രവർത്തനമാണ് പ്രധാനമായും ലാൻഡ് ബോർഡിന്റെ അനുബന്ധ ഓഫീസുകളിൽ നടത്തുന്നത്. ലാൻഡ് ട്രൈബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഓരോ ട്രൈബ്യൂണലിന്റെയും പ്രവർത്തന പുരോഗതി അവലോകനം ഓരോ മാസവും നടത്തിവരുന്നു. |
| (ബി) | ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം ഊർജ്ജിത• നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | 1) ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലംമാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2) കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ 500 ൽ താഴെ കേസുകളായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ 10000-20000 കേസുകൾ കെട്ടികിടക്കുന്നുണ്ട്. ഈ ജില്ലകളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേസുകൾ തീരെ കുറവായ 6 ജില്ലകളിലെ ട്രൈബ്യൂണലുകളെ കേസുകൾ വളരെ കൂടുതലുള്ള ജില്ലകളിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. കേസുകൾ കുറവായ ജില്ലകളിൽ ശേഷിക്കുന്ന കേസുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകൾ കേന്ദ്രീകരിച്ചും തഹസിൽദാർമാരെ ലാൻഡ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമം ലളിതമാക്കി കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | 1) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രൈബ്യൂണലിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ അധികാരമുള്ള റിപ്പോർട്ടിംഗ് ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇതിലൂടെ ലാൻഡ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിയുന്നുണ്ട്.<br><br>2) ജന്മിമാർ ഹാജരാകാത്ത കേസുകളിൽ ഫോറം 'ഡി' യിൽ പബ്ലിക് നോട്ടീസ് പതിപ്പിച്ചതിന് ശേഷം ജന്മിമാരെ കാത്തിരിക്കാതെ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>3) 1976 ലെ കാണം കുടിയാന്മ നിർത്തലാക്കൽ നിയമം ബാധകമായ പഴയ കൊച്ചിൻ പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ചില താലൂക്കുകൾ എന്നിവിടങ്ങളിലെ കാണം കുടിയാന്മാർക്ക് അവരുടെ ഭൂമിയിൽ Full proprietory right ഉണ്ടെന്നും അവർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പ്രത്യേക പട്ടയം ആവശ്യമില്ലെന്നും ഉള്ള സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർ കാണം തുക അടച്ചാലുടൻ മറ്റ് സങ്കീർണ്ണമായ നടപടിക്രമമില്ലാതെ താലൂക്ക് തഹസിൽദാർമാർ സർട്ടിഫിക്കറ്റ് എഴുതി നൽകുന്നുണ്ട്. ഇതിലൂടെ മേൽപറഞ്ഞ പ്രദേശങ്ങളിലെ കാണം കുടിയാന്മാരുടെ പ്രശ്നങ്ങൾ ഏറെകുറെ പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്രകാരമുള്ള കേസ്സുകൾ സംബന്ധിച്ച് യഥാസമയം തീരുമാനം എടുക്കുന്നതിനായി ഏതെല്ലാം ജില്ലകളിലാണ് സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ 2 ഉം മറ്റ് ജില്ലകളിൽ 1 ഉം ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾ നിലവിലുള്ള ട്രൈബ്യൂണലുകൾക്ക് പുറമേ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ ജില്ലകളിൽ 29 സ്പെഷ്യൽ തഹസിൽദാർ മാർക്ക് അധിക ചുമതല നൽകി 29 സ്പെഷ്യൽ ലാൻഡ് ട്രൈബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ